<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5385</u> <u>21-07-2022 - ൽ മറുപടിയ്ക്ക്</u>

<u>ഉൾനാടൻ ജലഗതാഗതത്തിനായി ബോട്ടുകൾ അനുവദിക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ആയിറ്റിയിൽ ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ബോട്ട് സർവ്വീസുകൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | കാസർഗോഡ് ജില്ലയിലെ ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ മേഖലയിലെ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ചെലവ് കുറഞ്ഞ യാത്രാമാർഗ്ഗങ്ങൾ പ്രാവർത്തികമാക്കുന്നതിനും സോളാർ ബോട്ടുകൾ അഭികാമ്യമാകുന്നതാണ് എന്നതിനാൽ കുറഞ്ഞ പാസ്സഞ്ചർ കപ്പാസിറ്റിയുള്ള ബോട്ടുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ സ്ലിപ് വേ ഉൾപ്പെടെയുള്ള സജ്ജീകരണങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും മേൽനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി മേഖലയിലെ ടൂറിസം സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസുകൾ നടത്തുന്നതിനെ സംബന്ധിച്ച് ട്രാഫിക്, ടെക്നിക്കൽ വിഭാഗത്തിന്റെ പഠനം നടന്നുവരുന്നു. |
| (ബി) | നിരവധി ജീവനക്കാരുള്ള പ്രസ്തുത ഓഫിസിന് കീഴിൽ കൂടുതൽ ബോട്ടുകൾ അനുവദിക്കാനും ഓഫിസ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കുമോ? | (ബി) | കാസർഗോഡ് ജില്ലയിലെ ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ മേഖലയിലെ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ചെലവ് കുറഞ്ഞ യാത്രാമാർഗ്ഗങ്ങൾ പ്രാവർത്തികമാക്കുന്നതിനും സോളാർ ബോട്ടുകൾ അഭികാമ്യമാകുന്നതാണ് എന്നതിനാൽ കുറഞ്ഞ പാസ്സഞ്ചർ കപ്പാസിറ്റിയുള്ള ബോട്ടുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ബോട്ടുകളുടെ |

| | | | |
|---|---|---|---|
| | | | അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ സ്ലിപ് വേ ഉൾപ്പെടെയുള്ള സജ്ജീകരണങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും മേൽനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി മേഖലയിലെ ടൂറിസം സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസുകൾ നടത്തുന്നതിനെ സംബന്ധിച്ച് ട്രാഫിക്, ടെക്നിക്കൽ വിഭാഗത്തിന്റെ പഠനം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ